പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 381 29/06/2016-ൽ മറുപടിക്ക്

## കൊയിലാണ്ടിയിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. കെ.ദാസൻ

(എ) 2006-11 കാലയളവിൽ ഇടത് സർക്കാരിന്റെ കാലത്ത് പ്രാഥമിക നടപടികൾ ആരംഭിച്ച കൊയിലാണ്ടി വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ ഓഫീസ് ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ ഭരണ കാലത്ത് ഒരു നടപടിയും ഫലപ്രദമായി നടന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദീർഘകാലമായി കൊയിലാണ്ടി മണ്ഡലത്തിൽ ഉയർന്ന് വരുന്ന പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല നടപടികൾ സ്വീകരിയ്ക്കുമോ;

(സി) ഇതു സംബന്ധിച്ച് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

**( എ) യും(ബി) യും (സി) യും**

സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ, ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്.സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ കൊയിലാണ്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ